(b) കാരണങ്ങൾ ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്".

Maintenance of roads in Cranganur.

405. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ക്രാഠർ-ൽ കൊടുങ്ങല്ലൂരിലെ ഓരോ റോഡിന്നും സംരക്ഷണ പണികൾക്കായി എത്ര ഉറുപ്പിക വീതം അനുവദിച്ചിരുന്നുവെന്നും അവയിൽ ഏതെല്ലാം പണികൾ നടത്തിയെന്നും പറയാമൊ;

(b) സംരക്ഷണം ചെയ്യാത്ത റോഡുകൾ ഉണ്ടെങ്കിൽ അതിന്ന കാരണം പറയുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—

P. W. D.

(a)		ക.	ണ.	സ.
ക.	അഴീക്കോട് റോഡ്	നൗർ	0	0
ഖ.	കരിയാപ്പിള്ളി—കോതപറമ്പ് റോഡ്	ഖർ0	0	0
ന.	ശ്രീംഗപുരം—കോട്ടപ്പുറം റോഡ്	ക00	0	0
ർ.	ആലുപത്രി റോഡ്	ഒന്ന	0	0

ഈ പണികൾ എല്ലാം നടത്തിട്ടുണ്ട്.

Panchayat.	ക.	ണ.	സ.
ലോകമലേശ്വരം	ക00	0	0
മേത്തല	ക0ങ	0	0

ഇതിൽ മേത്തല വില്ലേജിൽ കോട്ടപ്പുറത്തുനിന്ന മേത്തല വില്ലേജ കച്ചേരിക്ക സമീപം ചെന്നുചേരുന്ന വഴിയുടെ പണി മാത്രമെ നടത്തിയിട്ടുള്ളു.

(b) പബ്ലിക് വർക്സ് ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ സംരക്ഷണചെയ്യാത്ത റോഡുകൾ ഒന്നുമില്ല. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള (a)യിൽ കാണിച്ചിട്ടുള്ള റോഡിനു പുറമെയുള്ള റോഡുകൾ സംരക്ഷണം ചെയ്യെണ്ടതിലേക്ക അതാതു പഞ്ചായത്തുകളിൽനിന്നും എഴുതി അയക്കാത്തതിനാൽ പണികൾ നടത്തുവാൻ സാധിച്ചില്ല.

Representations of the inventor of Malayalam Typewriter.

406. Mr. K. Mohamed Seethi.—(a) Will the Government be pleased to state whether Mr. N. S. Pandalai, the inventor of Malayalam type-writer and short-hand, Trivandrum, addressed a petition to them dated 30th August 1927 and a reminder dated 26th October 1927;

(b) what was the encouragement sought in the said petition;

(c) what reply, if any, the Government sent to the petitioner?

Rama Varmha Tampuran.—(a) Yes.

(b) The petitions have been destroyed under the rules and hence the information required cannot be furnished.

(c) Vide answer to sub-division (b).

Mr. K. Mohamed Seethi.—With regard to the answer to (b), may I know what the rule is with regard to the destruction of documents?

LIBRARY ARCHIVES Kerala Legislative Assembly

Rama Varmha Tampuran.—If the petitions are lodged, they are destroyed after one year.

Mr. K. Mohamed Seethi.—Is there any record in which the substance of these petitions as noted down ?

Rama Varmha Tampuran.—There is a register. That does not show very much, much more than what the Hon'ble Member has asked by way of questions. What they asked for was for some encouragement.

Mr. K. Mohamed Seethi.—What encouragement it is is not mentioned there?

Rama Varmha Tampuran.—Only some encouragement.

Mr. K. Mohamed Seethi.—Has the Government ordered for any Malayalam Type-writer ?

Rama Varmha Tampuran.—No.

Mr. K. Mohamed Seethi.—Would they have any objection in purchasing some ?

Rama Varmha Tampuran.—They have not yet got the machine. Without that, how can they say whether they would go in for that or not ?

Conference of Headmasters.

407. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ കാണുന്ന ചോദ്യങ്ങിന്ന സർക്കാരുണ്ടു ദയവായി മറുപടി പറയാമൊ.—

(a) കഴിഞ്ഞ ധനുമാസം ഒടുവിൽ ചിറ്റൂരിൽവെച്ചു നടന്ന ഹെഡ്മാസ്റ്റർമാരുടെ കാൺഫറൻസിൽ പാഠപുസ്തകക്കാര്യത്തിൽ ചെയ്ത തീരുമാനം എന്താണു; ആ റസലൂഷന്റെ ഒരു പകർപ്പു മേശപ്പുറത്തു വെക്കാമൊ ;

(b) ആ റസലൂഷൻപ്രകാരം ഇപ്പോണ്ടത്തെ പാഠപുസ്തകക്കാര്യം തീർച്ചയാക്കേണ്ടതാണെന്ന സീനിയർ ഇൻസ്പെക്ടരും ഡയറക്ടരും സർക്കാരിനോടു ശുപാർശ ചെയ്തുണ്ടായൊ ;

(c) ഈ കാര്യത്തിൽ സർക്കാരു വല്ല കല്പനയും പാസ്സാക്കീട്ടുണ്ടൊ ; ഉണ്ടെങ്കിൽ ഒരു പ്രതി മേശപ്പുറത്തു വെക്കാമൊ ; ഇല്ലെങ്കിൽ ഇതേവരെ കല്പന പാസ്സാക്കാതിരിപ്പാൻ പ്രത്യേകം കാരണം ഉണ്ടൊ ; ഉണ്ടെങ്കിൽ എന്താണു ;

(d) മിസ്റ്റർ തോമാസ്സു പോളിന്റെ തിരുവനന്തപുരം വി. വി. പബ്ലിഷിങ്ങു ഹൌസിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള കേരളപാഠാവലി അടുത്തവർഷത്തേക്കു പാഠപുസ്തകമാക്കുവാൻ സർക്കാരിലേക്കു മേലധികാരത്തിൽനിന്നൊ മറ്റൊ വല്ല എഴുത്തും ഉണ്ടൊ ; ഉണ്ടെങ്കിൽ ആരാണു എഴുതിയതെന്നു പറയാമൊ ?

റാവു സാഹിബ്ബു മിസ്റ്റർ സി. മത്തായി.—(a) റസലൂഷന്റെ ഒരു പകർപ്പു താഴെ ചേർക്കുന്നു "Resolved to recommend to Government that the existing books might be continued for another year".

(b) സബ്ബീസിന്റെ നന്മയെ ഉദ്ദേശിച്ചു ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്മാരുടെ ശുപാർശകളെ വെളിപ്പെടുത്തുന്നതു യുക്തമെന്നു തോന്നുന്നില്ല.

(c) ഉവ്വു. ഉത്തരവിന്റെ പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു (*Vide Appendix II*).

(d) സർക്കാരിനു ഈ കാര്യത്തിൽ പൂർണ്ണ അധികാരമുള്ളതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly